# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുവപ്പടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ /ഇ കെ എം(പി2)320/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /ഇ കെ എം(പി2)320/2022 തീയ്യതി: 05/07/2022

## എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 10-02-2022 | 21-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-02-2022 | 21-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.സന്തോഷ് കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. സ്വപ്ന വി, ഓഡിറ്റർ((14.02.2022 മുതൽ 21.02.2022 വരെ)
5.മുഹമ്മദ് ഷാഫി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കുഞ്ഞുമോൾ തങ്കപ്പൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി മിനി ബാബു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സുരേഷ് ബാബു വി എസ് | സെക്രട്ടറി | 01-04-2020 | 01-03-2021 |
| ശ്രീ സുനിൽ കെ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽ കെ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഷഹാന വി എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.വിക്ടർ ജെ ഫെർണാണ്ടസ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.അനുരാധ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ജെസ്സി | വെറ്ററിനറി സർജൻ | 01-04-2020 | 30-06-2020 |
| ഡോ.അർച്ചന | വെറ്ററിനറി സർജൻ | 01-07-2020 | 31-03-2021 |
| ശ്രീ രമേഷ് കുമാർ സി ജി | വി ഇ ഒ, കോടനാട് | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രമീള സി പി | വി ഇ ഒ, കുവപ്പടി | 01-04-2020 | 31-03-2021 |
| ശ്രീമതി ഷിജി വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷ കെ കെ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി സിജിമോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ശ്രീമതി ബീന കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ശ്രീമതി ജയ മരിയ ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-1 |
| 2 | ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-1-1 |
| 3 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-2 |
| 5 | വാർഷികധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 16-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-5 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-6 |
| 10 | തൊഴിലുറപ്പ് പദ്ധതി- അവലോകനം<br>Written By: Santhosh Kumar M (Auditor, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-6-1 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Muhammed Shafi V M (Auditor, On 17-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 16-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-9 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Shaiby.E.D (Asst. Audit Officer, On 20-02-2022)<br>Last Updated By: Babitha B Kumar (Senior Grade Auditor, On 04-07-2022) | 1-10 |
| 15 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-10-1 |
| 16 | എഫ്.ടി.ഇ.ഒ. ലൈസൻസ് - അപാകതകൾ<br>Written By: Swapna.V (Auditor, On 20-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-11 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Muhammed Shafi V M (Auditor, On 20-02-2022)<br>Last Updated By: Babitha B Kumar (Senior Grade Auditor, On 04-07-2022) | 1-12 |

| | | |
|---|---|---|
| 18 | ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു<br>Written By: Muhammed Shafi V M (Auditor, On 21-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-13 |
| 19 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 21-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-14 |
| 20 | ബഡ്സ് സ്കൂളിനുള്ള ലഭിക്കേണ്ട ഉപകരണങ്ങൾ മുഴുവൻ ലഭിച്ചില്ല, പ്രവർത്തനത്തിനുള്ള നടപടികളുമായില്ല.<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-15 |
| 21 | വിനിയോഗ വിവരം,രശീത് ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-16 |
| 22 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ വിതരണ വിവരങ്ങൾ പൂർണ്ണമല്ല.<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-17 |
| 23 | വനിതകൾക്ക് വിത്ത്, തൈ,വളം വിതരണം പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-18 |
| 24 | ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - പദ്ധതി നടപ്പിലാക്കിയതിൽ ന്യൂനതകൾ<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-19 |
| 25 | ഹോമിയോ ആശുപത്രിയിലെ മരുന്നും സ്റ്റോക്കും നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയില്ല<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-20 |
| 26 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല,മോണിറ്ററിംഗ് ഫലപ്രദമല്ല<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-21 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി-ക്ഷീര കർഷകർക്ക് വേണ്ടി വിനിയോഗിച്ച തുകയുടെ കണക്കുകൾ ലഭ്യമല്ല<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-22 |
| 28 | റിവോൾവിങ്ങ് ഫണ്ട് റീക്ലപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിൽ ഉള്ള പദ്ധതി പണം ഒന്നര വർഷമായി ഉപയോഗയോഗ്യമാക്കിയില്ല<br>Written By: Dheeraj J (Audit Officer, On 03-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-23 |
| 29 | ആശ്രയ പദ്ധതി- മുൻകൂർ നൽകിയ തുകക്കുള്ള പ്രവൃത്തി നടത്തിയില്ല<br>Written By: Dheeraj J (Audit Officer, On 04-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-24 |
| 30 | എഫ്.എച്ച്. സി ക്ക് മെഡിസിൻ പദ്ധതി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Swapna.V (Auditor, On 20-02-2022)<br>Last Updated By: Babitha B Kumar (Senior Grade Auditor, On 04-07-2022) | 1-25 |
| 31 | പാലിയേറ്റിവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ -വിശദീകരണം | 1-26 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല<br>Written By: Swapna.V (Auditor, On 20-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണപ്പെട്ടവരുടെ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 20-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-27 |
| 33 | അങ്കണവാടി പോഷകാഹാരം- കടത്തുകൂലി അധികം നൽകി<br>Written By: Swapna.V (Auditor, On 20-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-28 |
| 34 | സാക്ഷരതാ പ്രേരകിന് ഓണറേറിയം- മുൻകൂർ തുക ക്രമീകരിച്ചില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 20-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-29 |
| 35 | അനധികൃത നിർമ്മാണം-തുടർനടപടി സ്വീകരിച്ചില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 20-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-30 |
| 36 | ആസ്തി സംരക്ഷണം-വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-31 |
| 37 | അനിവാര്യ ചുമതല നിർവ്വഹണത്തിലെ പരാജയം- കുടിവെള്ളക്കിണറുകളിൽ മാലിന്യം കലർന്നു<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-32 |
| 38 | പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-33 |
| 39 | ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 1-34 |
| 40 | ദുരിതാശ്വാസനിധി-ഇടപാടുകളില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-35 |
| 41 | ലൈവ്സ്റ്റോക്ക് ഫാമിന് ലൈസൻസ് ഉറപ്പാക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 21-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-36 |
| 42 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 21-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-37 |
| 43 | കൊവിഡ് പ്രതിരോധ പ്രവർത്തനം-അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 19-02-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 03-07-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അങ്കണവാടി പോഷകാഹാരം- കടത്തുകൂലി അധികം നൽകി<br>Written By: Swapna.V (Auditor, On 21-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 3-1 |
| 2 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ വിതരണ വിവരങ്ങൾ പൂർണ്ണമല്ല<br>Written By: Dheeraj J (Audit Officer, On 04-03-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 12-02-2022) | |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 18-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 12-02-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 12-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 12-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 16-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 16-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 12-02-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 12-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 20-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 12-02-2022)<br>Last Updated By: Asad N.E (Computer Assistant, On 05-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ബജറ്റ് 23.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 05-02-2021ൽ 4 (44) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| | ബജറ്റ് (റിവൈസ്ഡ്) |
|---|---|
| മുന്നിരിപ്പ് | 19718963 |
| വരവ് | 287972700 |
| ആകെ | 307691663 |
| ചെലവ് | 29949138 |
| നീക്കിയിരിപ്പ് | 277742525 |

### 1-1-1 ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് | വ്യത്യാസം |
|---|---|---|---|
| വരവ് | 287972700 | 104267809 | 183704891 |
| ചെലവ് | 248310000 | 111454119 | 136855881 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വളരെയധികം വ്യത്യാസമുള്ളതായി കാണാം. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18.03.2020 തീയതിയിൽ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ ഘടക സ്ഥാപനങ്ങൾക്കാവശ്യമായ തുകകളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. എങ്കിലും പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 15.02.2022 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ

നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 23.07.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷികധനകാര്യ പത്രികയിലെ അപാകതകൾ

കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ - ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 18.02.2022 ലെ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7186310/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2589448/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത ഐ കെ എം-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. 88333/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 88392/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും കളക്ഷൻ തുകയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. സഞ്ചയയിലെ വസ്തുനികുതി കളക്ഷനും സാംഖ്യയിലെ കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ സാംഖ്യയിലെ കളക്ഷനാണ് യഥാർത്ഥ വരവായി ചേർത്തിട്ടുള്ളത്.

4. ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 535689/- ആണെങ്കിലും അതിന്റെ ഡിപ്രസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 2334807/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഡിപ്രിസിയേഷൻ രേഖപ്പെടുത്തുന്നതിന് അനുയോജ്യമായ ഹെഡ്ഡുകൾ സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

5. STSB ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നിക്കീയിരിപ്പ് 1000000/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായുള്ള നീക്കിയിരിപ്പ് 878040/- രൂപയാണ്. അവശേഷിക്കുന്ന തുക LGTSB -1215, UBI ജനകീയ ഭവനം എന്നീ അക്കൗണ്ടുകളിലായാണ് നിലവിലുള്ളത് എന്ന് പഞ്ചായത്ത് വിശദീകരിച്ചു.

6. വസ്തുനികുതിയിനത്തിൽ പിരിച്ച 20571/- രൂപയുടെ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്തെങ്കിലും സഞ്ചയയിൽ ഇത് ക്യാൻസൽ ചെയ്യാതിരിക്കുകയും 20526/- രൂപ ഇതേ രസീതുകൾ പ്രകാരമുള്ള കളക്ഷനായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാംഖ്യയിലെ കളക്ഷൻ തുകയാണ് വരവായി വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളതെന്നും സഞ്ചയയിലെ അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

7. സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം ഇനത്തിൽ തനതുഫണ്ടിൽ നിന്ന് മുൻകൂർ അനുവദിച്ച 16512/- രൂപ 220800199 Other Administrative Expenses എന്ന ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ട ഈ തുക ക്രമീകരിക്കേണ്ട മുൻകൂർ തുകയായി രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ

ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2021-22 ൽ ജേണൽ എൻട്രി മുഖേന 460100199 എന്ന ഹെഡ്ഡിൽ Other Advances എന്നായിനത്തിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്.

8. വാർഷികധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തിയുടെ വിവരങ്ങളും ആസ്തിരജിസ്റ്ററിലെ വിവരങ്ങളും പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 3,51,05,000.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 10,42,67,809.00 |
| ആകെ | | 13,93,72,809.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 11,14,54,119.00 |
| നീക്കിയിരിപ്പ് | | 2,79,18,690.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,600.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,83,344.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 22679146 | 22679146 | 20287995 | 2391151 |
| വികസന ഫണ്ട്-എസ്.സി.പി | - | 10613941 | 10613941 | 8406835 | 2207106 |
| വികസന ഫണ്ട്-ടി.എസ്.പി | - | 421000 | 421000 | - | 421000 |
| കേന്ദ്രധന കാര്യകമ്മീഷൻ ഗ്രാന്റ് (Untied) | - | 14989748 | 14989748 | 10270599 | 4719149 |
| കേന്ദ്രധന കാര്യകമ്മീഷൻ ഗ്രാന്റ് (Tied) | - | 7300000 | 7300000 | 1247955 | 6052045 |
| മെയിന്റനൻസ്, റോഡ് | - | 2243000 | 2243000 | 1781832 | 461168 |
| മെയിന്റനൻസ്- റോഡിതരം | | 5314695 | 5314695 | 5314695 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) ഹെഡ്-320100121 | 2086789 | 886857 | 2973646 | 1900000 | 1073646 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ബഡ്സ് സ്കൂൾ) ഹെഡ്-320100127 | 921854 | 0 | 921854 | 607805 | 314049 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (സോളിഡ് വേയ്സ്റ്റ്) ഹെഡ്-320100203 | 671733 | 0 | 671733 | 517065 | 154668 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടോട്ടൽ സാനിട്ടേഷൻ) ഹെഡ്-320300103 | 258260 | 3439100 | 3697360 | 55000 | 3642360 |
| പി വൈ സി കെ എ ഫണ്ട് ഹെഡ്-320100126 | 4000 | - | 4000 | - | 4000 |
| ഫ്ളഡ് റിലീഫ് ഫണ്ട് ഹെഡ്-320200311 | 118180 | - | 118180 | - | 118180 |
| സാനിറ്റേഷൻ ഹെഡ്-320200319 | 25000 | - | 25000 | - | 25000 |
| ഹെഡ്-320200320 സ്റ്റേഡിയം & പ്ലേ | 146012 | | 146012 | | 146012 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ആശ്രയ, വിമുക്തി, ഫിഷ് സബ്സിഡി) ഹെഡ്-320300399 | 319212 | 1354371 | 1673583 | 1433096 | 240487 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ശുചിത്വ മിഷൻ) ഹെഡ്-320200322 | 793857 | 0 | 793857 | 200000 | 593857 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ലൈഫ്) ഹെഡ്-320200399 | 400000 | 1900000 | 2300000 | 2183733 | 116267 |
| CSR ഫണ്ട് 311100199 | 230000 | 120000 | 350000 | | 350000 |
| നിർമൽ പുരസ്കാരം ഹെഡ്-320900101 | 76695 | - | 76695 | - | 76695 |

കുറിപ്പ്.
വികസന ഫണ്ട്-ജനറൽ എന്ന ഫണ്ടിനത്തിൽ സോഴ്സ് ഡിഡക്ഷൻ 2279479/- രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 3953741/- രൂപയും ആണ്.
വികസന ഫണ്ട്-എസ്.സി.പി എന്ന ഫണ്ടിനത്തിൽ സോഴ്സ് ഡിഡക്ഷൻ 425059/രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 207651/-രൂപയും ആണ്.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്-(Untied) എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 6968246/-രൂപ ആണ്.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്-(Tied) എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 339288/-രൂപ ആണ്.
മെയിന്റനൻസ് ഗ്രാന്റ്- റോഡ് എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 402400/-രൂപ ആണ്.

മെയിന്റനൻസ്ഗ്രാന്റ്- റോഡിതരം എന്ന ഫണ്ടിനത്തിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 382000/-രൂപ ആണ്.

പഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗം പരിശോധിച്ചാൽ റോഡിതര മെയിന്റനൻസ് ഗ്രാന്റ് മാത്രമാണ് പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതെന്ന് കാണാം.വികസന ഫണ്ട് സാധാരണ വിഹിതം 90ശതമാനത്തിലധികം ചെലവഴിച്ചപ്പോൾ എസ് സി പി ഫണ്ട് 80ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. കേന്ദ്രധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ ബേസിക് ഗ്രാന്റ് 31.48% തുക ചെലവഴിക്കാതെ പോയപ്പോൾ പെർഫോമൻസ് ഗ്രാന്റ് 82.90% തുകയും ചെലവഴിച്ചിട്ടില്ല. കേന്ദ്രധനകാര്യ

കമ്മീഷൻ തുക മാർഗ്ഗരേഖകൾ പാലിച്ച് നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 164702671 | 210 | 90728185 | 56 | 0 | 78.94% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1138616 | 1169588<br>26316 (പലിശ)<br>6790* | 2341310 | 1235885 | 1105425 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 31455849 | 31455849 | 31455849 | |
| ആകെ | 1138616 | 32658543 | 33797159 | 32691734 | 1105425 |

*സർവേ നടത്തുന്നതിനായി 6790/-രൂപ ലഭിച്ചത് വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-6-1 തൊഴിലുറപ്പ് പദ്ധതി- അവലോകനം

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 5198 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 9252 |
| ആക്ടീവായ ഗുണഭോക്താക്കൾ | 1896 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1851 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 2050 |
| 2020-21 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 99914 |
| ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 56.9 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 242 |

| | |
|---|---|
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 333.37 ലക്ഷം |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ --506

പൂർത്തിയാക്കിയ വർക്കുകൾ( (സ്പിൽ ഓവർ ഉൾപെടെ))-- 382

| തയ്യാറാക്കിയ പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|
| അംഗനവാടി നിർമ്മാണം | 1 |
| വൃക്ഷതൈ നടൽ | 8 |
| തോട് സംരക്ഷണം | 74 |
| ഭവന നിർമ്മാണം | 30 |
| തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 102 |
| മഴകുഴി | 18 |
| കിണർ നിർമ്മാണം | 33 |
| കിണർ റീചാർജ് | 3 |
| ആട്ടിൻ കൂട് നിർമ്മാണം | 25 |
| തൊഴുത്ത് നിർമ്മാണം | 26 |
| കോഴിക്കൂട് നിർമ്മാണം | 22 |
| സോക്ക്പിറ്റ് നിർമ്മാണം | 13 |
| ഫാം പോണ്ട് | 4 |
| അസോള | 2 |
| കമ്പോസ്റ്റ് കുഴി | 9 |
| റോഡ് നിർമ്മാണം | 12 |
| ആകെ | 382 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 11018900 | 815 |
| വിധവാപെൻഷൻ | 20226100 | 1468 |
| വാർദ്ധക്യകാലപെൻഷൻ | 41491200 | 3536 |
| വികലാംഗപെൻഷൻ | 6250000 | 448 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 1322100 | 104 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2022 തീയതിയിൽ 3.05 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 34,218/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2021 | 01.08.2021 മുതൽ 30.09.2021 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2014 - 14.02.2014 | 2008-09 മുതൽ 2012-13 വരെ | LBA(HQ) III/ 8A-2079/13-14/30 14.03.2014 |

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ഓഫീസ് ഓർഡർ രജിസ്റ്ററിൽ വിവിധ സെക്ഷനുകളുടെ ചുമതലാ വിഭജനം രേഖപ്പെടുത്തി പോരുകയും ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ സെക്ഷനും, മേൽ നോട്ടത്തിന് ഹെഡ് ക്ലർക്കിനും, അംഗീകാരത്തിന് സെക്രട്ടറിക്കും പ്രിവിലേജ് ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ വിതരണ രജിസ്റ്ററിൽ നിന്ന് ലഭ്യമാണെങ്കിലും അവയുടെ തീർപ്പ് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.

3.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

### 1-10-1 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിലെ സ്യൂട്ട് രജിസ്റ്റർ നിലവിൽ കേസുകളുടെ വിശദാംശം ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് പരിപാലിച്ച് വരുന്നുണ്ടെങ്കിലും താഴെപ്പറയുന്ന മറ്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻവർഷത്തെ ഡെപ്പോസിറ്റ് വന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി

കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സാംഖ്യയിൽ നിന്ന് വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ പ്രിന്റെടുത്ത് രജിസ്റ്ററിൽ സൂക്ഷിക്കുയാണ് ചെയ്തിട്ടുള്ളത്.

2. ടെൻഡർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ

എഞ്ചിനിയറിംഗ് വിഭാഗത്തിൽ സൂക്ഷിച്ച് വരുന്ന ടെൻഡർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴുവൻ വിവരങ്ങളും ചേർത്തിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന തീയതി രേഖപ്പെടുത്തുന്നില്ല.

3. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ

ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. 22.12.2020 മുതൽ 09.02.2021 വരെ ലഭിച്ച ചെക്കുകളുടെ വിവരം രജിസ്റ്ററിൽ ഇല്ല. രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നം. 51 ൽ ശ്രീമതി. ദീപാ കുര്യൻ, ഹെഡ്മിസ്ട്രസ്, എസ് എൻ ഡി പി എൽ പി എസ് നൽകിയ 04.02.2021 ലെ 9917686 നമ്പർ ചെക്ക് (തുക 10000/-രൂപ), ശ്രീമതി രഞ്ജു കെ തോമസ്, ഹെഡ്മിസ്ട്രസ്, മേരിമാത എൽ പി എസ് നൽകിയ 04.02.2021 ലെ 9917064 നമ്പർ ചെക്ക് (തുക 10000/-രൂപ) എന്നിവയുൾപ്പെടെ നാല് ചെക്കുകളുടെ വിവരം ചേർത്തിട്ടില്ല.

4. തൊഴിൽനികുതി രജിസ്റ്റർ

ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിൽ വിവരങ്ങൾ അപൂർണ്ണമാണ്. സ്ഥാപനത്തിന്റെ ഉടമ ഒരു നിശ്ചിത തുക അടവാക്കിയതിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ എണ്ണം, നികുതി തുക എന്നിവ ചേർത്തിട്ടില്ല. ഈ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ ലഭ്യമല്ലാത്തതിനാൽ ബാധകമായ നിരക്കിൽ തന്നെയാണോ തൊഴിൽനികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5.ലോൺ രജിസ്റ്റർ

ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6. പെർമിറ്റ് രജിസ്റ്റർ

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്ററിൽ പല കെട്ടിടനിർമ്മാണാനുമതി അപേക്ഷകളിലെയും കെട്ടിടത്തിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിട്ടില്ല.

1-11 എഫ്.ടി.ഇ.ഒ. ലൈസൻസ് - അപാകതകൾ

31.07.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ വന്നിട്ടുള്ളതുമാണ്.പുതുക്കിയ ചട്ടമനുസരിച്ച് 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് മേൽ ചട്ടപ്രകാരമല്ല. വ്യത്യസ്ത മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽനിന്നും ഒരേ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് / മൂലധന നിക്ഷേപം | ലൈസൻസ് നം/ സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം | ഈടാക്കിയ ഫീസ് / രസീത് നം/ തീയതി |
|---|---|---|---|
| 1 | ആന്റണി ഔസേഫ് / തേൻ വീട് / 26.43 ലക്ഷം രൂപ | 4/20-21 പ്ലാസ്റ്റിക് ഗ്രാന്യൂൾസ് നിർമ്മിച്ച് വിതരണം | 4000/- 119100107829/ 11.2.20 |

| | | | |
|---|---|---|---|
| 2 | ഡെയ്സി ആന്റണി/<br>കുറിച്ചില ക്കോട്<br>9.98 ലക്ഷം രൂപ | 3/20-21<br>പ്ലാസ്റ്റിക് കവർ,<br>ബേബി ബെഡ്,<br>വാട്ടർ ടാങ്ക്<br>നിർമ്മാണം | 4000/-<br>119100107828/<br>11.2.20 |
| 3 | ടി.പി വർഗ്ഗീസ്<br>തോപ്പിലാൻ<br>3.5 ലക്ഷം രൂപ | 8/20-21<br>സെന്റ് ജോർജ്<br>ഫ്ലോർ മിൽ | 1000/-<br>119100/13.2.20 |
| 4 | സൂജിത് കെ.എസ്<br>കിഴക്കേലാൽ<br>8.25ലക്ഷം രൂപ | 10/20-21<br>പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ<br>നിർമ്മിച്ച് വിൽക്കുന്ന | 2000/-<br>119100107900/<br>13.2.20 |
| 5 | ബർണാട് പീറ്റർ<br>പറമ്പി വീട്<br>8.65 ലക്ഷം രൂപ | 15/20-21<br>സോളിഡ് ബ്രിക്സ്<br>നിർമ്മാണം | 2000/-<br>119100108050/<br>18.2.20 |
| 6 | സുരേഷ് സ്കറിയ<br>മാപ്പിളശ്ശേരി<br>19.3 ലക്ഷം രൂപ | 11/20-21<br>കുടിവെള്ള പാക്കിംഗ് | 2000/-<br>11910010913/<br>1.4.20 |
| 7 | ജോയ്സൺ .പി.എസ്<br>പൂണോലി<br>5.43 ലക്ഷം രൂപ | 19/20-21<br>പ്ളാസ്റ്റിക്<br>നിർമ്മാണ യൂണിറ്റ് | 2000/-<br>119100108083/<br>19.2.20 |
| 8 | സാബു . എം.ടി<br>ആലാട്ടുചിറ<br>139 ലക്ഷം രൂപ | 20/20-21<br>പെറ്റ്ബോട്ടിൽസ് ,ജാർ,<br>പ്ലാസ്റ്റിക്<br>ഐറ്റംസ് നിർമ്മാണം | 5000/-<br>119100108090/<br>19.2.20 |
| 9 | ടി. ഒ ജോൺസൺ<br>താമരവേലിക്കാവിൽ<br>70 ലക്ഷം രൂപ | 21/20-21<br>ക്രഷർ മെറ്റൽ,എം.സാന്റ്<br>എന്നിവ നിർമ്മാണം | 5000/-<br>119100108096/<br>19.1.20 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനും മേൽ ചട്ട പ്രകാരം ഗ്രാമപഞ്ചായത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് സംബന്ധിച്ച് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/18.2.2022) പുതുതായി ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങൾക്ക് ചട്ട പ്രകാരം തന്നെയാണ് ഫീസ് ഈടാക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. 31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നാക്കി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ടി സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ ഈടാക്കേണ്ട ഫീസ് സംബന്ധിച്ച് കമ്മറ്റി തീരുമാനം എടുത്തിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ചട്ട പ്രകാരം കമ്മിറ്റി തീരുമാനം എടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിലും ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി നൽകുന്നതിന് വിധേയനാകും. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകട നടത്തിപ്പുകാർ, തൻവർഷം പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ഒന്നിലധികം പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് | 2020-21 സാമ്പത്തിക |
|---|---|---|

| | | |
|---|---|---|
| | | വർഷം ഏറ്റെടുത്ത പ്രവർത്തികളുടെ എണ്ണം |
| 1 | എം ഒ പൗലോസ്, മൂത്തേടൻ | 12 |
| 2 | പി വി ഔസേപ്പ്, പഴമ്പിള്ളി | 2 |
| 3 | ഷാജൻ സ്റ്റീഫൻ, ആറ്റുപുറം | 10 |
| 4 | ജോർജ് ജോസഫ്, പാറപ്പുറം | 7 |
| 5 | സെബാസ്റ്റ്യൻ എ പി, ആലുക്ക | 8 |
| 6 | പോൾ പി എസ്, പാണേലിക്കുടി | 3 |
| 7 | എം ഡി ജോസ്, മൂത്തേടൻ | 3 |
| 8 | കുര്യാക്കോസ് ജോൺ, ആലുങ്കൽ | 5 |
| 9 | സി റ്റി കോര, ചിറങ്ങരക്കുടി | 3 |
| 10 | സോജൻ എൻ ജോർജ്, നെല്ലിക്കാക്കുടി | 2 |
| 11 | സരസ്വതി ബിൽഡേഴ്സ് | 2 |
| 12 | പി ഒ ജോസ്, പള്ളിക്കരക്കാരൻ | 3 |
| 13 | സാജു റ്റി റ്റി, തോട്ടപ്പിള്ളി | 2 |
| 14 | ഹണി ബേബി, മൂളൻ | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9,17.02.2021), ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 16 റേഷൻകടകൾക്കും, തൻവർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തുനടത്തിയ കരാറുകാർക്കും തൊഴിൽ നികുതി ഒടുക്കുന്നതിനായി രജിസ്റ്റേഡ് കത്ത് അയച്ചിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. മേൽ പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു

ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടതായി കാണുന്നു. ഇക്കാരണത്താൽ സഞ്ചയയിലെ വസ്തുനികുതി കുടിശ്ശികയിലും കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാംഖ്യാ രസീത് നമ്പർ / തീയതി | കെട്ടിട നമ്പർ | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക | സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ട തുക |
|---|---|---|---|---|
| 1 | 120100100199, 30.04.2020 | 1/ 75 A | 676 | 676 |

| | | | | |
|---|---|---|---|---|
| 2 | 120100104669, 11.02.2021 | 2/ 12 C | 3510 | 3510 |
| 3 | 120100104705, 15.02.2021 | 14/ 398 A | 743 | 743 |
| 4 | 120100104935, 17.02.2021 | 1/ 308 | 7754 | 7749 |
| 5 | 120100104936, 17.02.2021 | 1/ 307 | 959 | 954 |
| 6 | 120100105037, 18.02.2021 | 2/ 189 | 1404 | 1404 |
| 7 | 120100105053, 18.02.2021 | 5/ 338 | 451 | 451 |
| 8 | 120100105074, 18.02.2021 | 1/ 313 | 579 | 574 |
| 9 | 120100105244, 20.02.2021 | 1/ 354 | 397 | 397 |
| 10 | 120100105410, 22.10.2021 | 10/ 54 | 167 | 162 |
| 11 | 120100105901, 25.02.2021 | 7/ 128 | 444 | 439 |
| 12 | 120100106174, 27.02.2021 | 7/ 145 | 1847 | 1842 |
| 13 | 120100109041, 30.03.2021 | 6/ 170 | 120 | 115 |
| 14 | 120100109072, 30.03.2021 | 10/ 160 B | 1055 | 1050 |
| 15 | 120100109085, 30.03.2021 | 16/ 12 B | 465 | 460 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13,18.02.2022) മറുപടി ലഭ്യമായിട്ടില്ല. രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, | കരാർ തീയതി, കരാർ | പ്രവൃത്തി തുടങ്ങിയ | പ്രവൃത്തി പൂർത്തീകരിച്ച | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ , പി.എ.സി. | പ്രകാരംപൂർത്തീകരിക്കേണ്ട തീയതി | തീയതി(ആദ്യ അളവ് രേഖപ്പെടുത്തിയ തീയതി) | തീയതി.(എം ബുക്ക്- അവസാന അളവ് രേഖപ്പെടുത്തിയ തീയതി) | |
| 1 | അംഗനവാടി നവീകരണം (132/21) എസ്.ഐ തോമസ് പി.എ.സി - 844337/- -പ്രവൃത്തിമൂല്യം - 752128/- ടി.ആർ.എൻ - 13313/18-11-20 | 1-10-18 . 31.03.2019 | 24-1-19 | 25.09.2019 | 46438/- (3+2.5=5.5%) |
| 2 | തോട്ടുവ എസ് എൻ ഡി പി ചള്ളേലിപ്പാടം റോഡ് മെയിന്റനൻസ് (218/21) സെബാസ്റ്റ്യൻ എ.പി പി.എ.സി - 334524.17/- പ്രവൃത്തിമൂല്യം -334524.17/- ടി.ആർ.എൻ - 22547/31-3-2021 | 18.6.2020 6 മാസം 17.12.20 | 8-3-21 | 25.3.2021 | 14719/- (3+1.4=4.4%) |
| 3 | ഗവൺമെന്റ് എൽ പി സ്കൂൾ മെയിന്റനൻസ് (243/21) സെബാസ്റ്റ്യൻ എ.പി പി.എ.സി - 811066.91/- പ്രവൃത്തിമൂല്യം - 776897/- ടി.ആർ.എൻ - 19982/05-3-2021 | 23.3.2020 6 മാസം 22.9.2020 | 21-7-20 | 2.2.2021 | 39742/-(3+1.9=4.9%) |
| 4 | 119/21 പതിനേഴാം വാർഡിലെ മിൽമ റോഡിന്റെ അറ്റകുറ്റപണികളും | 23.3.2020 6 മാസം 22.9.2020 | 6-11-20 | 25.12.2020 | 22501/-(3+1.3=4.3%) |

| | | | | | |
|---|---|---|---|---|---|
| | മിൽമ റോഡ് ബൈ റോഡുകളുടെ നീർമ്മാണവും<br>ബിന്ധ്യ ലിജു<br>പി.എ.സി - 523270.22/-<br>പ്രവൃത്തിമൂല്യം - 440779/-<br>ചെക്ക്നം 6059829/9-2-21 | | | | |
| 5 | 113/21 ചെട്ടിനട കനാൽ ബണ്ട് റോഡ് ടാറിങ്ങ്<br>എൽദോ എൻ.വി<br>പി.എ.സി - 359864.35/-<br>പ്രവൃത്തിമൂല്യം -359783 /- ;<br>ചെക്ക്നം 6059833/9-2-21 | 23.3.2020<br>6 മാസം<br>22.9.2020 | 4-11-20 | 25.12.2020 | 15474/-(3+1.3=4.3%) |
| 6 | 246/21 ഏഴാം വാർഡിലെ ആലാട്ടുചിറ പാടം റോഡ് നിർമ്മാണം<br>എൽദോ എൻ.വി<br>പി.എ.സി- 422032.50/-<br>പ്രവൃത്തിമൂല്യം- 410848/-<br>ടി.ആർ.എൻ -18230/10-2-21<br>ചെക്ക് നം. 6059839- 11-2-21 | 23.3.2020<br>6 മാസം<br>22.9.2020 | 5-11-20 | 14-12-20 | 17303 (3+1.1=4.1%) |
| | ആകെ | | | | 156177/- |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/17.02.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് ലോക്ക് ഡൗൺ, മഴ എന്നിവ മൂലം സാധന സാമഗ്രികളും തൊഴിലാളികളും ലഭ്യമാകാതിരുന്നതു മൂലമാണ് കാലതാമസം ഉണ്ടായത് എന്നും കരാറുകാർ ഇക്കാര്യത്തിന് രേഖാമൂലം കത്ത് നൽകിയിരുന്നെങ്കിലും സാധന സാമഗ്രികളുടെ ലഭ്യതക്കനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കും എന്ന ഉത്തമ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതിയുടെ അംഗീകാരം നേടാതിരുന്നതും പിഴനടപടികൾ സ്വീകരിക്കാതിരുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ക്രമ നം 1 കോവിഡ് കാലത്തിനുമുൻപ് പൂർത്തീകരിക്കേണ്ടതായിരുന്നു. ക്രമ നം 3 ഒഴികെ മറ്റു

പ്രവൃത്തികൾ പണി തുടങ്ങി ഏകദേശം ഒരുമാസത്തെ സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതും ആറുമാസത്തെ സമയം ലഭിച്ചിട്ടും ഈ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 156177/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-15 ബഡ്സ് സ്കൂളിനുള്ള ലഭിക്കേണ്ട ഉപകരണങ്ങൾ മുഴുവൻ ലഭിച്ചില്ല, പ്രവർത്തനത്തിനുള്ള നടപടികളുമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്റ്റ് നം | 242/21 |
| അടങ്കൽ | 921854/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 607805/- |
| ബിൽ/വൗച്ചർ നം,തിയ്യതി, തുക | 1)22000509/ 25.08.20 തുക. 119873/-<br>2)22000510/26.8.20 തുക. 208273/-<br>3)22001286/31.03.21 തുക. 279659/- |

2019-20 -ൽ ആരംഭിച്ച മേൽ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതി നം. 150/20

അടങ്കൽ : 12,50,000/-(ജില്ലാ കുടുംബശ്രീ മിഷൻ ഫണ്ട്)

ചെലവ് : 328146/-

വൗച്ചർ നം. 21900942/07.02.20

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 935951/- രൂപയുടെ ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും 19-20 ൽ മേൽ പറഞ്ഞ പ്രകാരം 328146/ രൂപ മുൻകൂറായി കെൽട്രോണിന് നൽകുകയും ചെയ്തു. ശേഷിക്കുന്ന 607805/-രൂപ 2020-21 ൽ നൽകി. 2019-20,2020-21 വർഷങ്ങളിലായി ആകെ 935951/-രൂപ നൽകിയെങ്കിലും 656292/-രൂപയുടെ ഉപകരണങ്ങൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ.

രണ്ടാം ഘട്ടമായി ആവശ്യപ്പെട്ടിരുന്നതും ലഭിക്കേണ്ടതുമായ 559319/- രൂപയുടെ സാധനങ്ങൾക്കുള്ള മുൻകൂറായി 31.03.21 -ന് 50% തുക (279659/-) നൽകിയിട്ട് ഒരു വർഷമാകാറായിട്ടും സാധനങ്ങൾ ലഭിച്ചിട്ടില്ല. ഇതുവരെ ലഭിച്ച സാധനങ്ങൾ തന്നെ വനിതാ വ്യവസായ കേന്ദ്രത്തിന്റെ ചെറിയ (ഏകദേശം 10Fx10F ഉള്ള) മുറിയിൽ ഉപകരണങ്ങൾ പാക്കിങ്ങോടെ മൊത്തം കൂട്ടി ഇട്ടിരിക്കുന്നതായാണ് 07.02.2022-ൽ പഞ്ചായത്ത് അധികൃതരുടേയും പ്രസ്തുത വാർഡ് മെമ്പറുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ കാണാനായത്. മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആരംഭിക്കുവാനാവശ്യമായ മറ്റ് മുന്നൊരുക്കങ്ങൾ നടന്നതായും കാണുന്നില്ല. പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനാവശ്യമായ തുടർനടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വിനിയോഗ വിവരം,രശീത് ലഭ്യമാക്കിയിട്ടില്ല.

ഐ.കെ എം വിഹിതമായി നൽകിയ താഴെ പറയുന്ന തുകകൾക്ക് നാളിതുവരെ കൈപ്പറ്റ് രശീത്,ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം:സെക്രട്ടറി

| പ്രോജക്റ്റ് നം. | ബിൽനം.,തിയ്യതി | തുക |
|---|---|---|
| 1/21 | 383854/29.07.20 | 122000/- |

തുക അടവാക്കി ഒന്നര വർഷത്തിലധികമായതിനാൽ രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ വിതരണ വിവരങ്ങൾ പൂർണ്ണമല്ല.

1)

| | |
|---|---|
| പ്രോജക്ട് | 231/20-21 - ഫലവൃക്ഷതൈ വിതരണം |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 25000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ്(ബിൽ നം.തീയതി) | 25000/-(230939/10.3.21) |

മേൽ പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ, റൈസ് റിസർച്ച് സ്റ്റേഷൻ, വൈറ്റിലയിൽ നിന്നും 16875/-രൂപയുടെ ടിഷ്യൂ വാഴക്കന്നും (1000 എണ്ണം-ഇൻവോയിസിൽ (നം 95/20-21) 15000/-ആണ് വിലയായി രേഖപ്പെടുത്തിയിട്ടുള്ളത് Invo No. 109/20-21/19.8.20). കേരള അഗ്രി യൂണിവേർസിറ്റിയിൽ നിന്നും 8125/- രൂപക്ക് പപ്പായ/മുരിങ്ങ തൈകൾ വാങ്ങിയിരുന്നു. (ഇൻവോയ്സ് നം.304/k/000049 /2020-21/14.9.2020) എന്നാൽ ആയത് ഒന്നും തന്നെ വിതരണം ചെയ്തതായുള്ള രേഖകൾ ഇല്ല.

2) സമഗ്ര നെൽകൃഷി വികസനം- ജ്യോതി വിത്ത് വിതരണം പൂർണ്ണമായി നടത്തിയില്ല.

പ്രൊജക്ട് : 10/20-21

അടങ്കൽ 320000/-(വികസനഫണ്ട് -ജനറൽ)

ചെലവ് : 319980/-

ബിൽ നം. /തുക 1) 742512/13.11.20 154980/-

2)230956/10.03.21 159600/-

3)358036/25.03.21 5400/-

മേൽപ്പറഞ്ഞ ബില്ലുകളിൽ 3600 കിലോഗ്രാം ജ്യോതി വിത്തുകൾ 42 രൂപ നിരക്കിൽ 151200/-രൂപയ്ക്ക് കേരള സീഡ് അതോറിറ്റിയിൽ നിന്നും ബിൽ നം. 1195/2021/13.11.2020 പ്രകാരം വാങ്ങിയിരുന്നു.

ആയത് 6 പാടശേഖര സമിതികൾക്കായി നൽകുന്നതിനായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയെങ്കിലും 'ഐമുറി പാടശേഖര സമിതി' വിതരണ രജിസ്റ്ററിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. മൊത്തം ലഭിച്ച 120 ബാഗിൽ (3600 കിലോ) 10ബാഗിന്റെ കുറവ് വിതരണത്തിൽ വന്നിട്ടുണ്ട്. അതായത് (10x30കിലോഗ്രാം)300 കിലോഗ്രാം (300x42=12600) കുറവ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/19.2.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ മേൽ ക്രമ നമ്പർ (1) പ്രകാരം ചെലവഴിച്ച 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നമ്പർ (2) പ്രകാരമുള്ള ചെലവ് തുക 12600/- രൂപ നിരാകരിക്കുന്നു.

1-18 വനിതകൾക്ക് വിത്ത്, തൈ,വളം വിതരണം പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

പദ്ധതി നം. 14/120-21

അടങ്കൽ : 200000/-(വികസന ഫണ്ട്-പൊതു വിഭാഗം)

ചെലവ് : 47700/-(,,)

നിർവ്വഹണം. കൃഷി ഓഫീസർ.

| ബിൽ നം | തുക | വാങ്ങിയ ഇനം/ Invo.No |
|---|---|---|
| 63556/10.2.21 | 46375 | രേഖപ്പെടുത്തിയിട്ടില്ല.Mvc1/2021(175 യൂണിറ്റ്) |
| 14394/22.3.21 | 1325 | രേഖപ്പെടുത്തിയിട്ടില്ല.Mvc5/2021(5 യൂണിറ്റ്) |
| ആകെ | 47700/- | |

മേൽ പറഞ്ഞ ഇനങ്ങൾ മുഴുവൻ വാങ്ങിയത് മാവേലിപ്പടി ഹരിത ഇക്കോ ഷോപ്പിൽ നിന്നാണ്.

പദ്ധതിയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഏതിനം പച്ചക്കറി തൈകളാണ് വാങ്ങിയതെന്ന് ഫയലിൽ നിന്നോ ഹരിത ഇക്കോഷോപ്പിന്റെ ബില്ലിൽ നിന്നോ ഗുണഭോക്തൃവിതരണ രജിസ്റ്ററിൽ നിന്നോ വ്യക്തമല്ല.

2. വാങ്ങിയ വിത്തിന്റെ കാര്യത്തിൽ തൂക്കമോ, അളവോ, ഏതിനമാണെന്നോ മേൽ പറഞ്ഞ രേഖകളിൽ നിന്നും വ്യക്തമല്ല.

3. വിതരണ രജിസ്റ്ററിൽ വിതരണം ചെയ്തതെന്നാണെന്നോ, വിതരണ വിവരങ്ങളോ ഇല്ല.

4. മേൽ പറഞ്ഞ വിത്തുകളും തൈകളും ഇക്കോഷോപ്പുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിച്ചതാണോ, അല്ലെങ്കിൽ എവിടെ നിന്നാണ് വാങ്ങിയതെന്നോ വ്യക്തമല്ല.

5. പഞ്ചായത്തിന്റെ പദ്ധതിക്കായി നടീൽ വസ്തുക്കൾ ഇക്കോ ഷോപ്പ് വഴി വാങ്ങാവുന്നതാണെന്നത് സംബന്ധിച്ച ഉത്തരവുകളൊന്നും ലഭ്യമാക്കിയിട്ടില്ല.

6. സ്റ്റേറ്റ് സീഡ് ഫാം, കൃഷി വിത്തുൽപ്പാദന കേന്ദ്രം, വി.എഫ്.പിസി.കെ തുടങ്ങിയ സ്ഥാപനങ്ങളെ പദ്ധതിയുടെ വാങ്ങൽ നടപടികളിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/19.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടിയുടെ അഭാവത്തിൽ 47700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - പദ്ധതി നടപ്പിലാക്കിയതിൽ ന്യൂനതകൾ

പ്രൊജക്ട് നമ്പർ : 232/20-21 (ഗ്രോ ബാഗ് വിതരണം)

അടങ്കൽ തുക : 50000/- രൂപ (വികസന ഫണ്ട് )

50000/ രൂപ(ഗുണഭോക്തൃ വിഹിതം)

ചെലവ് തുക : 45180/- രൂപ (വികസന ഫണ്ട് )

: 33885/-(ഗുണഭോക്തൃ വിഹിതം)

ബിൽനം:1063555/10.02.21,തുക. 36000/-,നം. 314463/22.03.21,തുക.9180/-

'ഗ്രോ ബാഗിൽ പച്ചക്കറി കൃഷി 'എന്ന പദ്ധതി പ്രകാരം 251 യൂണിറ്റ് ഗ്രോ ബാഗുകളും (50% സബ്സിഡി) വിത്തും, ഓർഗാനിക് വളവും, വെർമി കമ്പോസ്റ്റും (ഇതിൽ 25% വീതം ഗുണഭോക്തൃവിഹിതം) നൽകുവാനാണ് പദ്ധതി ലക്ഷ്യമിട്ടത് എന്നാണ് കൃഷി അധികൃതർ വിശദീകരിച്ചത്. രേഖകൾ ലഭ്യമാക്കിയിട്ടില്ല .ചുവടെ ചേർത്ത പ്രകാരം ഹരിത ഇക്കോ ഷോപ്പിൽ നിന്നുമാണ് ഗ്രോബാഗ്, വിത്ത്, വളം എന്നിവ വാങ്ങി നൽകിയിട്ടുള്ളത്. സുലേഖ ചെലവ് പത്രിക പ്രകാരം 50000/- രൂപയാണ് ഗുണഭോക്തൃവിഹിതം ലഭിച്ചത്. എന്നാൽ ഇക്കോഷോപ്പിന്റെ ബിൽ പ്രകാരം പിരിച്ച തുക 33885/- രൂപയാണ്. ഇത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇൻവോയ്സ് നമ്പർ(തീയതി രേഖപ്പെടുത്തിയിട്ടില്ല) | തുക | തുക നൽകിയ സ്ഥാപനം | വാങ്ങിയ സാധനങ്ങളുടെ പേര് വിവരങ്ങള് |
|---|---|---|---|

| | | | |
|---|---|---|---|
| 1)Mvc/02/2021 | 63000/-(ഇതിൽ സബ്സ്ഡി: 36000/-, ഗുണഭോക്തൃവിഹിതം : 27000/-) | ഹരിത ഇക്കോ ഷോപ്പ്, മാവേലിപ്പടി. | വിത്ത്, വളം , ഗ്രോബാഗ്. (200 എണ്ണം) |
| 2)Inv.No.Mvc/04/2021 | 16065/- (ഇതിൽ സബ്സ്ഡി: 9180/-, ഗുണഭോക്തൃവിഹിതം : 6885/-) | ഹരിത ഇക്കോ ഷോപ്പ്, മാവേലിപ്പടി. | വിത്ത്, വളം , ഗ്രോബാഗ്. (51 എണ്ണം) |
| ആകെ | 45180/-(സബ്സിഡി) 33885/-(ഗുണ.വിഹിതം) | | |

<u>പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന ന്യൂനതകൾ കാണുകയുണ്ടായി.</u>

1)ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത്. മാർഗ്ഗ രേഖയിൽ ഗ്രോ ബാഗിൽ പോട്ടിങ്ങ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെയാണ് ഗുണഭോക്താവിന് വിതരണം ചെയ്യേണ്ടത്. എന്നാൽ പോട്ടിങ്ങ് മിശ്രിതം ഇല്ലാത്ത കാലി ഗ്രോ ബാഗുകളും വിത്തും വളവും വേറേയുമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയത് മാർഗ്ഗരേഖപ്രകാരമല്ല ചെയ്തത് എന്ന് കാണുന്നു.

2) കുവപ്പടി ഇക്കോ ഷോപ്പ് ലഭ്യമാക്കിയ ഇൻവോയിസിൽ നിന്നും എവിടെ നിന്നാണ് ഇവ വാങ്ങി വിതരണം ചെയ്തതെന്ന് വ്യക്തമല്ല. പദ്ധതിമാർഗ്ഗ രേഖ പ്രകാരം കവറുകൾ/ചട്ടികൾ കുടുംബശ്രീ യൂണിറ്റുകൾ /കാർഷിക കർമ്മസേന സ്വയം നിർമ്മിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

3) ഗ്രോ ബാഗുകളുടെ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതുണ്ട്. സർക്കാർ മാർഗ്ഗരേഖയിൽ കാലി ഗ്രോബാഗുകളായി വിതരണം ചെയ്യുവാൻ വ്യവസ്ഥയുള്ളതായി കാണുന്നില്ല.

4) മറ്റ് കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം മുമ്പ് ആനുകൂല്യം ലഭിച്ചവർക്കല്ല ഗ്രോ ബാഗുകൾ നൽകിയത് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിലില്ല.

5) ഗുണഭോക്തൃവിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി പഞ്ചായത്തിൽ അടവാക്കുകയും പദ്ധതി നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പണം തിരിച്ചാവശ്യപ്പെടുകയുമാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇക്കോഷോപ്പ് പഞ്ചായത്തിന്റെ പദ്ധതിയുടെ ഗുണഭോക്തൃവിഹിതം രസീത് പ്രകാരം നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമല്ല.

6) മേൽ പറഞ്ഞ രീതിയിൽ ഗ്രോ ബാഗുകളും വിത്തും വളവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയതിൽ വാങ്ങിയ ഇൻവോയിസും വിതരണം ചെയ്തവയും പൊരുത്തപ്പെടുന്നില്ല. 251 ഗ്രോബാഗുകളാണ് പദ്ധതിക്കായി വാങ്ങിയിട്ടുള്ളത്. എന്നാൽ വിതരണ രജിസ്റ്ററിൽ 270 പേർ കൈപ്പറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട്.

7) ഇക്കോഷോപ്പ് ഉത്പാദിപ്പിക്കാത്ത മേൽ സാധനങ്ങൾ അവിടെ നിന്നും വാങ്ങിയതിന്റെ കാരണവും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/19.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 ഹോമിയോ ആശുപത്രിയിലെ മരുന്നും സ്റ്റോക്കും നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് | എസ് 19/20-21, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ. |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 3,00,000/- |
| ബിൽ നമ്പർ | 620027/ തീയതി 14.102020. |

2020-21 വർഷം മരുന്നിനും , അനുബന്ധ സാധനങ്ങൾക്കുമായി ആകെ 3,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 20.01.2021 ന് കൈമാറുകയും താഴെ കാണിച്ച ഇൻവോയിസുകൾ പ്രകാരം മരുന്നുകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹോമിയോ ഡോക്ടർക്ക് ലഭ്യമാകുകയും ചെയ്തു.

SlNo. Invoice No./date Amount

1 Lf-2335/24.01.22 178363/-

2 Lf-2400/31.01.22 66213/-

3 Lf-732/19.06.21 55434/-

ക്രമനമ്പർ 3 പ്രകാരമുള്ള ഇൻവോയിസിൽ Bp/ArsenicumAlbum30 എന്ന മരുന്ന് 17000 സ്ലിപ്പ് ലഭിച്ചിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 30.06.21 -ന് 7000 സ്ലിപ്പ് ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10000 എണ്ണം നീക്കിയിരിപ്പായി കാണിച്ചിട്ടുമുണ്ട്.

18.02.2022 ൽ നിർവ്വഹണഉദ്യോഗസ്ഥയുടേയും പഞ്ചായത്ത് അധികൃതരുടേയും സാന്നിദ്ധ്യത്തിൽ ഹോമിയോ ഡിസ്പെൻസറിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ 600 സ്ലിപ്പുകൾ മാത്രമേ സ്റ്റോക്കായി അവശേഷിക്കുന്നുണ്ടായിരുന്നുള്ളൂ. 9400 സ്ലിപ്പുകളുടെ വ്യത്യാസം കാണുകയുണ്ടായി. സംയുക്ത പരിശോധനാ റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥ ഈ കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (22/19.02.22 ) നൽകിയതിനെ തുടർന്ന് അടുത്ത ദിവസം സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനക്ക് ഹാജരാക്കി.

മേൽ പറഞ്ഞ വിഷയത്തിൽ മരുന്നും സ്റ്റോക്കും നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിൽ വന്ന പോരായ്മയാണ് കാണാൻ സാധിച്ചത്. ഭാവിയിൽ സ്റ്റോക്കിൽ ഉള്ള മരുന്നുകൾ നിശ്ചിത ഇടവേളകളിൽ ഭൗതിക പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല,മോണിറ്ററിംഗ് ഫലപ്രദമല്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 2/2020-21 |
| അടങ്കൽ | 500000/-(പ്ലാൻ-ജനറൽ) |
| ചെലവ് | 300000/- |
| ബിൽ നം. | 384401/29.07.2020 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2020-21 -ലെ മൊത്തം പ്രവർത്തന കലണ്ടറും2020-21 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ ക്ക് സർക്കാർ

നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2020-21 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി-ക്ഷീര കർഷകർക്ക് വേണ്ടി വിനിയോഗിച്ച തുകയുടെ കണക്കുകൾ ലഭ്യമല്ല

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1 | 39/20-21 | 20,00,000/- {1000000/-+1000000 (ഗുണ.വിഹിതം)} | 1000000/- | 220599/ 10.03.2021 |
| 2 | 159/20-21 "(So) | 12,50,000/-{312500(വികസന ഫണ്ട്) +312500 (സംസ്ഥാനാവിഷ്കൃത ഫണ്ട്) +625000/- (ഗുണ. വിഹിതം)} | 125000/- | 113237/ 24.02.2021 |

കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് 2020-21 - ൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളാണ് മുകളിൽ ചേർത്തത്. ക്രമനമ്പർ 1- ൽ 12500/- രൂപ വീതം 80 കിടാക്കൾക്കാണ് തുക വകയിരുത്തിയത്. ക്രമനമ്പർ 2 ൽ 6250/- രൂപ വീതം 50 കിടാക്കൾക്കുമാണ് തുക വകയിരുത്തിയത്. നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ മുൻകൂറായി പ്രൊജക്ട് ഓഫീസർക്ക് (Integrated Cattle Development Project (ICDP) ) മേൽ കാണിച്ച പ്രകാരം പ്ലാൻ ഫണ്ട് തുകകൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് തെരഞ്ഞെടുത്ത ക്ഷീര കർഷകർ പാൽ സൊസൈറ്റി വഴി ഫീഡിന്റെ 50% വില നൽകി ഫീഡ് വാങ്ങുകയാണ് ചെയ്യുന്നത് (50% സബ്സിഡിയാണ്). ഗുണഭോക്താക്കളുടെ അടവാക്കുന്ന 50% ഫീഡിന്റെ വില സൊസൈറ്റി വെറ്റിനറി ഡോക്ടർക്ക് കൈമാറുകയും വെറ്റനറി ഡോക്ടർ ഈ തുക ICDP പ്രൊജക്ട് ഓഫീസർക്ക് കൈമാറുകയും ICDP പ്രൊജക്ട് ഓഫീസർ ഫീഡ് വിതരണം ചെയ്ത കേരള ഫീഡ്സിന് നൽകുകയുമാണ് ചെയ്യുന്നത്.

ഓരോ വർഷവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് മുഴുവൻ സാധാരണഗതിയിൽ വിവിധ കാരണങ്ങളാൽ ആനുകൂല്യം വിനിയോഗിക്കാൻ സാധിക്കാറില്ല. കിടാക്കൾ ചത്തുപോകുകയോ മൂന്ന് മാസത്തിലധികം ഫീഡ് വാങ്ങാത്തതിനാൽ ഡ്രോപ് ഔട്ട് ആകുകയോ ചെയ്യുന്നതാകാം .ഗുണഭോക്താക്കൾ പൂർണ്ണമായി പദ്ധതിയുടെ ആനുകൂല്യം വിനിയോഗിച്ചിട്ടുണ്ടോ എന്നും, എത്രപേർ ഡ്രോപൗട്ടായെന്നോ, കിടാക്കൽ ചത്തുപോയിട്ടുണ്ടോ എന്നും അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/19.2.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ വില കൊടുത്ത് വാങ്ങുന്ന ഫീഡിന്റെ വിലയുടെ ആനുപാതികമായ തുകയാണ് യഥർത്ഥ പദ്ധതി ചെലവ്. നിർവഹണ ഉദ്യോഗസ്ഥൻ മുൻകൂറായി ICDP പ്രൊജക്ട് ഓഫീസർക്ക് നൽകിയ തുകയിൽ യഥാർത്ഥ ചെലവ് , നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച കണക്ക് നിർവഹണ ഉദ്യോഗസ്ഥനോ പഞ്ചായത്തിനോ ഓഡിറ്റിൽ ലഭ്യമാക്കാനായിട്ടില്ല.

2016-2017 മുതൽ 2020-21 വരെ പഞ്ചായത്തിൽ നിന്നും വെറ്റിനറി സർജൻ Icdp പ്രൊജക്ട് ഓഫീസർക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി നം | കൈമാറിയ തുക |
|---|---|---|
| 2016-17 | 108/16-17 | 1250000 |
| 2017-18 | 19/17-18 | 1375000 |

| | | |
|---|---|---|
| 2018-19 | 30/18-19 | 312500(പ്ലാൻ<br>312500(S.F) |
| 2019-20 | 20/19-20<br>159/20-21(so) | 312500<br>312500(S.F) |
| 2020-21 | 39/20-21 | 1000000 |

പഞ്ചായത്ത് വർഷാവർഷം പഞ്ചായത്തിലെ ക്ഷീരകർഷകർക്കായി ചെലവഴിക്കുന്ന തുകകളുടെ കൃത്യത, വിനിയോഗം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥനായ FLIO (ഫീൽഡ് ലെവൽ ഇപ്ലമെന്റിങ്ങ് ഓഫീസർ) , ക്ഷീരസൊസൈറ്റി, ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർ(DLIO) എന്നിവരിൽ നിന്നും ശേഖരിച്ച് വർഷം തോറും പദ്ധതി ചെലവിനത്തിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയതുൾപ്പെടെ വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-23 റിവോൾവിങ്ങ് ഫണ്ട് റീക്കുപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിൽ ഉള്ള പദ്ധതി പണം ഒന്നര വർഷമായി ഉപയോഗയോഗ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിങ്ങ് ഫണ്ട് . |
| പ്രോജക്ട് നം | 145/21 |
| അടങ്കൽ | 250000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 250000/- |
| ബിൽ നമ്പർ,തിയ്യതി,തുക | 16022/16.04.2020 തുക 250000/ |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിങ്ങ് ഫണ്ടായി ലഭിച്ച 250000/-രൂപ കരാർ ചമച്ച് വാർഡ് 8-ലെ 5 പേർ ചേർന്ന് തുണി സഞ്ചി നിർമ്മാണ സംരംഭമായ 'ഫൈവ് സ്റ്റാർ ടൈലേഴ്സ്'', കോടനാട് എന്ന സംരംഭത്തിന് നൽകുകയുണ്ടായി. 26.12.2019-ന് ഉദ്ഘാടനം നടത്തി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് മാർക്കറ്റിങ്ങ് വേണ്ട രീതിയിൽ നടക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയാണെന്ന് യൂണിറ്റ് അംഗങ്ങൾ പഞ്ചായത്തിൽ അറിയിക്കുകയും കൈപ്പറ്റിയ പണം 3 ഗഡുക്കളായി (29.6.20, 22.7.20,19.8.20 തിയ്യതികളിൽ യഥാക്രമം 10000,10000,230000/- രൂപ) യൂണിയൻ ബാങ്കിന്റെ റിവോൾവിങ്ങ് ഫണ്ട് റീക്കുപ്പ്മെന്റ് അക്കൗണ്ടിലേക്ക് (നം 29159) അടവാക്കുകയും ചെയ്തു.

എന്നാൽ പദ്ധതി ഉപേക്ഷിച്ച് പോയ യൂണിറ്റ് അംഗങ്ങൾ സർക്കാർ ഉത്തരവ് (കൈ)നം.22/2018 /ത.സ്വ.ഭ.വ,14.02.2018 -ലെ ക്രമ നം 21(2) -ൽ അനുശാസിക്കും പ്രകാരം മുതലും പലിശയും കരാർ പ്രകാരം തിരിച്ചടക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കൂടാതെ ഒന്നര വർഷമായി മേൽ പറഞ്ഞ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച തുക സംരംഭകരെ കണ്ടെത്തി ഉപയോഗപ്പെടുത്തുവാനോ, സാധിച്ചിട്ടില്ല. മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം25/19.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 ആശ്രയ പദ്ധതി- മുൻകൂർ നൽകിയ തുകക്കുള്ള പ്രവൃത്തി നടത്തിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആശ്രയ പദ്ധതി |
| പ്രോജക്ട് നം | 27/20-21 |

| | |
|---|---|
| അടങ്കൽ | 200000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | പഞ്ചായത്ത് വർഷാവർഷം പഞ്ചായത്തിലെ ക്ഷീരകർഷകർക്കായി ചെലവഴിക്കുന്ന തുകകളുടെ കൃത്യത, വിനിയോഗം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥനായ FLIO (ഫീൽഡ് ലെവൽ ഇമ്പ്ലമെന്റിങ്ങ് ഓഫീസർ) , ക്ഷീരസൊസൈറ്റി, ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർ(DLIO) എന്നിവരിൽ നിന്നും ശേഖരിച്ച് വർഷം തോറും പദ്ധതി ചെലവിനത്തിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയതുൾപ്പെടെ വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.254706/20-21 തീയതി 15.03.21 തുക 75000/- 1321411/തീയതി 22.03.21 തുക 25000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ആശ്രയ പദ്ധതിയിൽ ഭവനപുനരുദ്ധാരണത്തിനായി 50,000/- രൂപ വീതം നാല് കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിച്ചത്. അപ്രകാരം നാല് പേർക്കും മുൻകൂർ നൽകി. ഇതിൽ 22.3.2021-ന് 25000/- രൂപ മുൻകൂർ കൈപ്പറ്റിയ രണ്ടാം വാർഡിലെ ശ്രീ മുരളി.വി.വി, വേലംപറമ്പിൽ വീട്, കോടനാട് എന്ന ഗുണഭോക്താവ് ഭവനപുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

17.2.2022- ൽ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതരുടെയും, രണ്ടാം വാർഡ് മെമ്പറുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടിയാന്റെ വീട്ടിൽ യാതൊരു അറ്റകുറ്റ പണിയും നടന്നിട്ടില്ല എന്ന് ബോദ്ധ്യമായി. മാത്രവുമല്ല ഗുണഭോക്താവിന്റെ വീടിന്റെ മേൽക്കൂരയുടെ റീപ്പറുകൾ ദ്രവിച്ച് ഓടുകൾ വീഴാറായ അവസ്ഥയിലുമാണുള്ളത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നൽകിയ (നം.19/19.02.22) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജോലിക്ക് പോകാനാകാതെ നിർവഹണോദ്യോഗസ്ഥൻ അസുഖബാധിതനായിരുന്നതിനാലാണ് സമയബന്ധിതമായി പ്രവർത്തി നടത്താനാകാതെ പോയതെന്നും, ഇപ്പോൾവേണ്ട നിർദ്ദേശം നല്കിയതായും പ്രവർത്തി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായും പ്രവർത്തി പൂർത്തീകരണശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമാണ് വിശദീകരിച്ചത്. മേൽ പറഞ്ഞ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-25 എഫ്.എച്ച്. സി ക്ക് മെഡിസിൻ പദ്ധതി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി കുവപ്പടി നടപ്പിലാക്കിയ എഫ്.എച്ച്.സിയ്ക്ക് മെഡിസിൻ എന്ന പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 33/21 |
| പ്രൊജക്ടിന്റെ പേര് | എഫ്.എച്ച സി ക്ക് മെഡിസിൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച്.സി, കുവപ്പടി |
| അടങ്കൽ തുക | 1500000/-<br>(മെയിന്റനൻസ് ഫണ്ട് ,റോഡിതരം) |
| ചെലവ് തുക | 1500000/-<br>(മെയിന്റനൻസ് ഫണ്ട് ,റോഡിതരം) |
| ബിൽ നം./തീയതി | 5/20-21, 30.1.21 |

മേൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്നുകൾ വാങ്ങുന്നതിനായി 1500000/-രൂപ നൽകിയിട്ടുണ്ട് .(പ്രോഫോർമ ഇൻവോയിസ് നം. PRF4159, തീയതി 1.1.2021) . മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/16.02.2020) ലഭ്യമായ മറുപടിയിൽ ടാക്സ് ഇൻവോയിസ്

നം.1643,104,1641,1640,1642,1644/21.05.21 , 2811/24.06.21,738/30.04.21 പ്രകാരം 1047428/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി 452572/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 പാലിയേറ്റിവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ -വിശദീകരണം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ എഫ്. ച്.സി കുവപ്പടി നടപ്പിലാക്കിയ പാലിയേറ്റിവ് കെയർ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 36/2020-21 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി<br>കുവപ്പടി |
| അടങ്കൽ | ആകെ- 1200000/-<br>1100000/-(വികസന ഫണ്ട്, പൊതുവിഭാഗം ,<br>സാധാരണ വിഹിതം )<br>100000/-(തനതുഫണ്ട്) |
| ചെലവ് തുക/<br>ബിൽനം/തീയതി | ആകെ -1149583/-<br>1100000/-<br>(വികസനഫണ്ട്)<br>1)96997/-<br>(1/20-21,18.6.20)<br>2)99305/-(2/2021,20.8.20)<br>3)99406/-<br>(3/20-21,15.10.20)<br>4)99956/-<br>(4/20-21,21.1.21)<br>5)98999/-<br>(7/20-21,16.3.21)<br>6)71126/-<br>(11/20-2,129.3.21)<br>7)445251/-<br>(8/20-21,18.3.21)<br>8) 88960/-<br>(9/20-21,18.3.21)<br>9)49583/-(തനതുഫണ്ട്) |

1) മേൽ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിൽ ഓരോ മാസത്തിലും 16 ദിവസം ഹോംകെയർ സന്ദർശനം നടത്തി രോഗികളെ പരിചരിച്ച കമ്മ്യൂണിറ്റി നേഴ്സുമാരായ എൽജി ജോസ്, മേരി കെ.എം എന്നിവർക്ക് ബിൽ നം. 1,2,3,4,5,6 പ്രകാരം 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഹോണറേറിയം ,ഫോൺ അലവൻസ് എന്നീ ഇനങ്ങളിലായി ആകെ 364800/-രൂപ നൽകിയിട്ടുണ്ട്.(2*15000*12=360000/-, 2*200*12=4800)
സ.ഉ.(സാധാ) നം. 553/2019 ത.സ്വ.ഭ.വ തീയതി 7.3.2019 ,ഖണ്ഡിക നം. 2.13.1 പ്രകാരം ജനസംഖ്യഅനുസരിച്ച് കൂടുതൽ ഹോം കെയർ യൂണിറ്റുകൾ ആവശ്യമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഒരു യൂണിറ്റിന് ഒന്ന് എന്ന അനുപാതത്തിൽ കമ്മ്യൂണിറ്റി നഴ്സുമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. എന്നാൽ പാലിയേറ്റിവ് കെയർ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ ഒരു ഹോം കെയർ യൂണിറ്റ് മാത്രം പ്രവർത്തിക്കെ ഇപ്രകാരം രണ്ട് കമ്മ്യൂണിറ്റി നേഴ്സുമാരെ നിയമിച്ച് വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക്(8/17.02.2022) മറുപടി ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി നിയമിച്ച കമ്മ്യൂണിറ്റി നേഴ്സിന് ഹോണറേറിയം ഇനത്തിൽ അധികം നൽകിയ 182400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2) പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി 534211/- രൂപ (445251/- ബിൽ നം.8/20-21/18.03.21, 88960/-ബിൽ നം.9/20-21,18.03.21) മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ്

കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയിസ് നം.8544/06.11.21 പ്രകാരം 7198/-രൂപയുടേയും ടാക്സ് ഇൻവോയിസ് നം. 85461/06.11.21 പ്രകാരം 51341/- രൂപയുടേയും ഉൾപ്പെടെ ആകെ 58539/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 475672/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-27 സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണപ്പെട്ടവരുടെ അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നില്ല

2020-21 മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻറ് ചെയ്യാത്തതുമൂലം നിലവിലും അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും പെൻഷൻ വിതരണം തുടരുകയും ചെയ്യുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. മരണപ്പെട്ട് മാസങ്ങൾക്കു ശേഷം സസ്പെൻഡ് ചെയ്യുന്നവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വാർദ്ധക്യകാല പെൻഷൻ

| ക്രമ നം. | പെൻഷണർ ഐ ഡി | പേര് | മരണപ്പെട്ട തീയതി | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | 106470200752 | തങ്കമ്മ ഷൺമുഖൻ ആചാരി | 24.12.2020 | 01/2021 മുതൽ 12/2021 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 2 | 106470200654 | ദേവസ്സിക്കുട്ടി പി വി | 02.01.2021 | 02/2021 മുതൽ 01/2022 വരെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 3 | 106470600669 | രമണി സുധാകരൻ | 22.12.2020 | 01/2021 മുതൽ 12/2021 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 4 | 106470600383 | കുറുമ്പ കാവലൻ | 12.12.2020 | 01/2021 മുതൽ 12/2021 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 5 | 106470600549 | ഏല്യ വറീത് | 20.12.2020 | 01/2021 മുതൽ 12/2021 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 6 | 106470200597 | പഴനി പി.എം | 15.01.2021 | 02/2021 മുതൽ 12/2021 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. 01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 7 | 106470600555 | തങ്ക | 22.01.2021 | 01/2021 മുതൽ 12/2021 വരെ തുക നിക്ഷേപിക്കാൻ | ആക്ടീവ് |

| | | | | | |
|---|---|---|---|---|---|
| | | | | സാധിച്ചില്ല.<br>01/2022 ലെ തുക ബാങ്കിന് കൈമാറി | |
| 8 | 106470200356 | ഗോവിന്ദൻ | 10.01.2021 | 10/2020 മുതൽ<br>12/2021 വരെ തുക നിക്ഷേപിക്കാൻ സാധിച്ചില്ല.<br>01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 9 | 106470201854 | കാർത്ത്യായനി അമ്മ | 24.01.2021 | 01/2021 മുതൽ 12/21 വരെയുള്ള കാലയളവിൽ 11 മാസത്തെ തുക കൈമാറിയിട്ടില്ല. എന്നാൽ 07/21 ലെ തുക കൈപ്പറ്റി. 01/2022 ലെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 10 | 106470100661 | പാറുക്കുട്ടി | 29.01.2021 | 02/2021 മുതൽ<br>01/2022 വരെ തുക ബാങ്കിന് കൈമാറി | ആക്ടീവ് |

ക്രമ നം.9 ലെ ഗുണഭോക്താവ് ശ്രീമതി കാർത്യായനി അമ്മ 24.01.2021 ൽ മരണപ്പെട്ടതിന് ശേഷം 6 മാസം തുക കൈമാറാൻ സാധിച്ചിട്ടില്ല. എന്നാൽ ജൂലൈ 2021 ലെ ഡയറക്റ്റ് ടു ഹോം പെൻഷൻ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക കൈപ്പറ്റിയത് ആരാണെന്നത് സംബന്ധിച്ച വിവരവും മറ്റ് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായ തുകകൾ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 16.02.2022 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടി താഴെ ചേർക്കുന്നു.

സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ വിവരം കുടുംബാംഗങ്ങൾ പഞ്ചായത്തിലറിയിക്കേണ്ടതും അത് പ്രകാരം അക്കൗണ്ട് സസ്പെൻഡ് ചെയ്യുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ മേല്പറഞ്ഞ ഗുണഭോക്താക്കളുടെ മരണ വിവരം അറിയിക്കാൻ വൈകിയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് പഞ്ചായത്ത് വിശദീകരിച്ചത്. പഞ്ചായത്തിൽ മരണ റിപ്പോർട്ട് ലഭ്യമായിരിക്കെ ഈ മറുപടി സ്വീകാര്യമല്ല. ക്രമ നം.9 ലെ ഗുണഭോക്താവിന്റെ പെൻഷൻ നൽകിയിട്ടില്ലെന്നും പെൻഷൻ കൈപ്പറ്റിയ മറ്റൊരാളിന്റെ സ്റ്റാറ്റസ് തെറ്റായി ബാങ്കിൽ രേഖപ്പെടുത്തപ്പെട്ടതിനാലാണെന്നും ബാങ്കിൽ നിന്നുള്ള കത്ത് ഹാജരാക്കിയിട്ടുണ്ട്.

1. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ PAN/2021 DBT(DP)നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടതായി അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/C No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

2. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടെങ്കിൽ

ആയത് പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

4. മരണം റിപ്പോർട്ടു ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കാത്തതിനാൽ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നത് സംബന്ധിച്ചും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

5. ബാങ്കുകളുടെ കൈവശമുള്ള കൈമാറാൻ സാധിക്കാത്ത തുകകളുടെ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ടി തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻെറ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/C No.001101023000269, IFS Code KSBK 0000101. ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

## 1-28 അങ്കണവാടി പോഷകാഹാരം- കടത്തുകൂലി അധികം നൽകി

ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും 24.8.2019 ൽ കുവപ്പടി ഗ്രാമ പഞ്ചായത്തിലെ 33 അങ്കണവാടികളിലേക്ക് 2495 കി.ഗ്രാം ഭക്ഷ്യസാധനങ്ങൾ ഇറക്കുന്നതിന് വണ്ടി ഓടിയ വകയിൽ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കി.ഗ്രാമിന് 2.5 രൂപ നിരക്കിൽ 6237/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ മേൽ ബിൽ പ്രകാരം ഡ്രൈവറായ ശ്രീമതി പ്രേമ രതീഷിന് 7237/- രൂപ നൽകുക വഴി 1000/-രൂപ അധികം നൽകുവാനിടയായി. വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-29 സാക്ഷരതാ പ്രേരകിന് ഓണറേറിയം- മുൻകൂർ തുക ക്രമീകരിച്ചില്ല

പഞ്ചായത്തിലെ സാക്ഷരതാ പ്രേരകിന് ഓണറേറിയം ഇനത്തിൽ 29.03.2021 ലെ 22001210 നമ്പർ വൗച്ചർ പ്രകാരം 16512/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. സ ഉ(സാധാ) നം.626/2021 തസ്വഭവ തീയതി 26.02.2021 പ്രകാരം ഇത്തരത്തിൽ തനതുഫണ്ടിൽ നിന്ന് നൽകുന്ന ഓണറേറിയം സാക്ഷരതാ മിഷന്റെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്. ഈയിനത്തിൽ തനതുഫണ്ടിൽ നിന്ന് നൽകിയ തുക 16512/- രൂപ സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ഈടാക്കി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 17.02.2022 ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സാക്ഷരതാ മിഷനിൽ നിന്ന് തുക ലഭ്യമാകുന്ന മുറയ്ക്ക് തനത്ഫണ്ടിൽ വരവ് വച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-30 അനധികൃത നിർമ്മാണം-തുടർനടപടി സ്വീകരിച്ചില്ല

ശ്രീ.സെബി എം ജോസ്, മലേക്കുടി വീട് എന്ന അപേക്ഷകൻ XIV ാം വാർഡിൽ 547ാം നമ്പർ കെട്ടിടത്തിന് സമീപം പ്രവർത്തിക്കുന്ന ശ്രീ പ്രദീപ് കുര്യാക്കോസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഗ്രീൻവാലി പബ്ലിക് സ്കൂൾ കെട്ടിടത്തിന്റെ കെട്ടിട നമ്പർ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് 20.03.2020 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് നൽകിയ മറുപടിയിൽ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ലെന്നും നിലവിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം അളവ് തിട്ടപ്പെടുത്തിയിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടം അനധികൃതമാണെങ്കിൽ U/A നമ്പർ നൽകി രജിസ്റ്ററിൽ ചേർത്ത് അനധികൃത കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട മൂന്നിരട്ടി വസ്തുനികുതി ഈടാക്കി വരുന്നുണ്ടോയെന്ന് അറിയിക്കേണ്ടതും ഇല്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ 17.02.2022 ലെ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച് വിവരം ലഭ്യമായിട്ടും തുടർനടപടി സ്വീകരിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ടി സ്ഥാപനത്തിലെ 40 ജീവനക്കാരുടെ തൊഴിൽനികുതി 2020-21 വർഷം പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. അനുമതി കൂടാതെയുള്ള നിർമ്മാണത്തിന്മേൽ 2011, 2019 വർഷങ്ങളിലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതും അതുവരെ അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ (വസ്തുനികുതി+ രണ്ടിരട്ടി) വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-31 ആസ്തി സംരക്ഷണം-വിവരങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ്&മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. ആസ്തിസംരക്ഷണം സർക്കാർ നിർദ്ദേശപ്രകാരം നടപ്പാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് 15.02.2022 ൽ 2൦ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയതിന്റേയോ അസറ്റ് മാനേജ്മെന്റ്&മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റേയോ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് നിലവിലുള്ള ആസ്തികളുടെ കൃത്യമായ പരിശോധനയും, മെയിന്റനൻസും, സംരക്ഷണവും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അതിനാൽ വ്യക്തമല്ല. മാനുവലിലെ ഖണ്ഡിക 6.1.2, 6.1.3 എന്നിവ പ്രകാരമുള്ള ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവ നടത്തുന്നതായി കാണുന്നില്ല. വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 അനിവാര്യ ചുമതല നിർവ്വഹണത്തിലെ പരാജയം-കുടിവെള്ളക്കിണറുകളിൽ മാലിന്യം കലർന്നു

പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിലെ സെപ്റ്റിക് ടാങ്കിലെ ചോർച്ച മൂലം സമീപമുള്ള അഞ്ച് വീടുകളിലെ കുടിവെള്ളക്കിണറുകളിൽ മാലിന്യം കലരുകയും 16.04.2020 ലെ 22000067 നമ്പർ വൗച്ചർ പ്രകാരം 12000/- രൂപ ചെലവിൽ ഈ അഞ്ച് വീടുകളിലേക്കും കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 1000/- രൂപ നിരക്കിൽ 12 ദിവസം കുടിവെള്ളം വിതരണം നടത്തിയതിനാണ് തുക നൽകിയിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രത്തിലെ സെപ്റ്റിക് ടാങ്ക് ചോർച്ച യഥാസമയം കണ്ടെത്തി പരിഹരിക്കാതിരുന്നതിനാലാണ് ഇത്തരത്തിൽ സമീപവാസികളുടെ കിണറുകളിൽ മാലിന്യം കലരാനിടയായത്. കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, മാലിന്യസംസ്കരണം, ആരോഗ്യ ശുചിത്വ പരിപാലനം എന്നിവ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളായിരിക്കെ പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിൽ നിന്ന് കുടിവെള്ള സ്രോതസ് മലിനമായത് ചുമതല നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് വെളിവാക്കുന്നത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതിരിക്കാൻ മുൻകരുതലെടുക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ(പി)നം. 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ ആകെ നാല് തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്ന് സാധനങ്ങൾ വാങ്ങൽ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുള്ളത്. പ്രൊജക്ട് നമ്പർ 87/21, 282/21 എന്നിവ പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസ്, വനിത ഫെസിലിറ്റേഷൻ സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം വാങ്ങൽ, പ്രിന്റിംഗ് എന്നിവ മാത്രമാണ് കമ്മിറ്റി പരിഗണിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വെറ്ററിനറി സർജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണം (പ്രൊജക്ട് നം.6/21), മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) നടപ്പാക്കിയ മെഡിസിൻ കവർ വാങ്ങൽ(പ്രൊജക്ട് നം.46/21), അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി (പ്രൊജക്ട് നം.30/21) എന്നീ പദ്ധതികളിലെ വാങ്ങലുകളൊന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി പരിഗണിച്ചതായി രേഖയില്ല.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതുമാണ്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങളിൽ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം ഈ പ്രവർത്തനങ്ങളൊന്നും

നടക്കുന്നില്ല. സ ഉ (പി) നം.2/2018 എസ് പി ഡി തീയതി 28.04.2018, സ ഉ (പി) നം.7/2019 എസ് പി ഡി തീയതി 26.04.2019 എന്നിവ പ്രകാരം 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വാങ്ങലുകളിലൊന്നും ഈ നിബന്ധന പാലിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതി കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-34 ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

1.സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.സ്റ്റോർ പർച്ചേയ്സ് മാനവൽ ഖണ്ഡിക 7.33 (iii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പല പ്രവൃത്തികൾക്കും ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

2. മെറ്റീരിയൽ വർക്കുകൾക്ക് സാധനങ്ങൾ ലഭിക്കുന്നതിന്റേയും വിതരണം ചെയ്യുന്നതിന്റേയും സ്ഥാപിക്കുന്ന ബോർഡുകളുടേയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. 2020-21 വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം താഴെ ചേർത്ത ജോലികൾക്ക് ഏർപ്പെട്ട കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്), കുറവ് ചെയ്യാതെ തുക നൽകിയത് മൂലം കരാറുകാർക്ക് അധിക തുക നൽകുവാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | കരാറുകാരന്റെ പേര് | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) |
|---|---|---|---|---|
| 1 | മൈനർ ഇറിഗേഷൻ വെള്ളക്കുഴി പാടം തോട് കെട്ടി സംരക്ഷണം | ഷാജൻ സ്റ്റീഫൻ | 302011 | 6040 |
| 2 | മുപ്പത്തിപ്പാടം റോഡ് കോൺക്രീറ്റിങ്ങ് | സോജൻ എൻ ജോർജ് | 384342 | 7687 |
| 3 | കേദാരം റോഡ് കോൺക്രീറ്റിങ്ങ് | ആർ മഹേഷ് | 389266 | 7785 |
| 4 | അംഗനവാടി കെട്ടിട നിർമ്മാണം | സോജൻ എൻ ജോർജ് | 351047 | 7021 |
| 5 | ഇളവം കുടി കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് | പി ഒ ജോസ് | 390941 | 7819 |
| 6 | ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തി | മുജീബ് | 583050 | 11661 |
| | ആകെ | | | 48013 |

മേൽ കരാറുകാരിൽ നിന്ന് തുക ഈടാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/18.02.21) ലഭ്യമാക്കിയ മറുപടിയിൽ മെറ്റീരിയൽ വാങ്ങുന്നതിന് ഒറ്റ ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ജി എസ് ടി തുകകൾ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുന്നതാണ് എന്നും അറിയിച്ചു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-35 ദുരിതാശ്വാസനിധി-ഇടപാടുകളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിന് പഞ്ചായത്ത് ദുരിതാശ്വാസനിധി

രൂപീകരിക്കേണ്ടതാണ്. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൻപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ച് 05.02.2011 ൽ ഇതിനായി ചേരാനല്ലൂർ സർവീസ് സഹകരണ ബാങ്കിൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ അക്കൗണ്ട് തുടങ്ങിയിരുന്നു. (അക്കൗണ്ട് നം.3473). പാസ്ബുക്ക് പരിശോധിച്ചതിൽ 31.10.2015 ന് ശേഷം അക്കൗണ്ടിൽ ഇടപാടുകളില്ല. തൻവർഷം 93/-രൂപ പലിശയിനത്തിൽ വന്ന തുകയുൾപ്പെടെ 2707/-രൂപയാണ് നീക്കിയിരിപ്പ്. ദുരിതാശ്വാസ നിധി വേണ്ടവിധം പ്രയോജനപ്പെടുത്താത്തത് ശരിയായ നടപടിയല്ല. നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാര്യക്ഷമമായി വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ലൈവ്സ്റ്റോക്ക് ഫാമിന് ലൈസൻസ് ഉറപ്പാക്കേണ്ടതാണ്

പഞ്ചായത്തിൽ ഓഡിറ്റ് വർഷം വിവരാവകാശ നിയമപ്രകാരം ശ്രീ.ഷാജൻ ജോസഫ്, മാണിക്കത്താൻ വീട്, കുവപ്പടി പി ഒ എന്ന വ്യക്തി 15.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ സുഭിക്ഷ കേരളം പദ്ധതി പ്രകാരം എത്ര കോഴികൾ, എത്ര പശു, എത്ര മുയൽ, എത്ര ആടുകൾ എന്നിവയെ പഞ്ചായത്തിന്റെ അനുമതിയില്ലാതെ വളർത്താം എന്ന വിവരം ആവശ്യപ്പെട്ടിരുന്നു. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം കന്നുകാലി-അഞ്ച് മൃഗങ്ങൾ, ആട്-20 മൃഗങ്ങൾ, പൗൾട്രി ഫാം--നൂറ് പക്ഷികൾ എന്നീ എണ്ണത്തിൽ കവിഞ്ഞ് വളർത്തുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരം മൃഗങ്ങളെയും പക്ഷികളെയും വളർത്തുന്നതിന് ഷെഡ് നിർമ്മിക്കുന്നതിനാണ് ചട്ട പ്രകാരം അനുമതി ആവശ്യമില്ലാത്തത്. ഇത് സംബന്ധിച്ച് 17.02.2022 ൽ നൽകിയ 70ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപേക്ഷകൻ നിലവിൽ ലൈസൻസ് ലഭ്യമാക്കാതെ ചട്ടത്തിൽ അനുശാസിക്കുന്നതിലും അധികം മൃഗങ്ങളെ വളർത്തുവാൻ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-37 ഓഡിറ്റ് ഇംപാക്ട്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും നോൺ റസിഡൻഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും ആണ് പെർമിറ്റ് ഫീസ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ കോമേഴ്സ്യൽ കം റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ വന്ന കുറവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന്(നം.27/20.02.2022) കുറവുവന്ന തുകയായ 382/- രൂപ രസീത് നം. 12110010717З/21.02.2022, 121100107174/21.02.2022 എന്നിവ പ്രകാരം ഈടാക്കി.

## 1-38 കൊവിഡ് പ്രതിരോധ പ്രവർത്തനം-അവലോകനം

കുവപ്പടി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ 8174 പേർ കൊവിഡ് ബാധിതരാവുകയും 54 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 15.02.2022 ലെ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കില മുഖേന യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനും ഭക്ഷണം, മരുന്ന് എന്നിവ സജ്ജമാക്കുന്നതിനും ഇവരുടെ സേവനം പ്രയോജനപ്പെടുത്തി. പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. അദ്ധ്യാപകരെയും ഇതര വകുപ്പ് ഉദ്യോഗസ്ഥരെയും അങ്കണവാടി ജീവനക്കാരെയുമാണ് ഇതിനായി ഉപയോഗിച്ചത്. ആയതിനാൽ ഇതിനായി തനത് ഫണ്ടിൽ നിന്ന് തുകയൊന്നും ചെലവ് വന്നിട്ടില്ല. ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി മരുന്ന് വാങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിരുന്നു. ഡയാലിസിസിന് സഹായം നൽകുന്നതിനും പാലിയേറ്റീവ് കെയർ പദ്ധതിക്കും സുലേഖ വഴി പദ്ധതി ആവിഷ്കരിച്ചിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
എഫ് എൽ ടി സി കൾ ആരംഭിച്ചിരുന്നില്ലെങ്കിലും സെന്റ് ആൻസ് സ്കൂളിൽ 30 ബെഡ്ഡുകളുള്ള ഡി സി സി ആരംഭിച്ച് പ്രവർത്തനം നടത്തിയിരുന്നു. പഞ്ചായത്തിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച് ഭക്ഷണം വിതരണം ചെയ്തിരുന്നു. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും മേൽ ആവശ്യത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. സംഭാവനയിനത്തിൽ ലഭിച്ച തുക നിക്ഷേപിക്കുവാൻ നോഡൽ ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ കുവപ്പടി ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തൻ വർഷം 31000/-രൂപ ലഭിച്ചത് കൂടാതെ തനത് ഫണ്ടിൽ നിന്ന് 517089/-രൂപ ഡിസിസി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി പോഷകാഹാരം- കടത്തുകൂലി അധികം നൽകി

ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം പദ്ധതി നടത്തിപ്പിലെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രോജക്ട് നം | 16/20-21 |
| അടങ്കൽ തുക | 3084200 /- |
| ചെലവ് തുക | ആകെ 3084200 /-<br>വികസന ഫണ്ട്<br>1)813813/-<br>ബിൽനം.3/20-21 ,തീയതി 26.06.20<br>2)105836/-<br>ബിൽ നം.4/20-21 ,തീയതി 17.07.20<br>3)67432/-<br>ബിൽ നം.6/20-21 ,തീയതി 08.11.20<br>4)97119/-<br>ബിൽ നം.7/20-21 ,തീയതി 24.02.21<br>5)1900000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>6)100000/-തനത് ഫണ്ട്<br>(ചെക്ക് നം/തീയതി എന്നിവ ലഭ്യമായില്ല) |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും 24.08.2019 ൽ കുവപ്പടി ഗ്രാമ പഞ്ചായത്തിലെ 33 അങ്കണവാടികളിലേക്ക് 2495 കി.ഗ്രാം ഭക്ഷ്യസാധനങ്ങൾ ഇറക്കുന്നതിന് വണ്ടി ഓടിയതിന് ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കി.ഗ്രാമിന് 2.5 രൂപ നിരക്കിൽ 6237/-രൂപയാണ്. നൽകേണ്ടിയിരുന്നത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ബിൽ നമ്പർ 06/2020-21/08.11.2020 പ്രകാരം ഡ്രൈവറായ ശ്രീമതി പ്രേമ രതീഷിന് 7237/-രൂപ നൽകി. ഇപ്രകാരം വികസന ഫണ്ടിൽ നിന്നും 1000/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/16.2.2022) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ 1000/-രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 3-2 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ വിതരണ വിവരങ്ങൾ പൂർണ്ണമല്ല

1)

| | |
|---|---|
| പ്രോജക്ട് | 231/20-21 - ഫലവൃക്ഷതൈ വിതരണം |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 25000/-(വികസന ഫണ്ട്) |
| ചെലവ്(ബിൽ നം.തീയതി) | 25000/-(230939/10.3.21) |

മേൽ പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ, റൈസ് റിസർച്ച് സ്റ്റേഷൻ, വൈറ്റിലയിൽ നിന്നും 16875/-രൂപയുടെ ടിഷ്യൂ വാഴക്കന്നും (1000 എണ്ണം-ഇൻവോയിയിൽ (നം 95/20-21) വില 15000/-ആണ് വില രേഖപ്പെടുത്തിയിട്ടുള്ളത്) Invo No. 109/20-21/19.08.20 കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും 8125/-രൂപക്ക് പപ്പായ,മുരിങ്ങ തൈകൾ വാങ്ങിയിരുന്നു(ഇൻവോയ്സ് നം.304/k/000049/2020-21 /14.9.2020). എന്നാൽ ആയത് വിതരണം ചെയ്തതായുള്ള രേഖകൾ ഇല്ല.

2) സമഗ്ര നെൽകൃഷി വികസനം- ജ്യോതി വിത്ത് വിതരണം പൂർണ്ണമായി നടത്തിയില്ല

പ്രൊജക്ട് : 10/20-21

അടങ്കൽ 320000/-(വികസന ഫണ്ട്)

ചെലവ് : 319980/-

ബിൽ നം. /തുക
1)742512/13.11.20 154980/-

2)230956/10.3.21 159600/-

3)358036/25.3.21 5400/-

മേൽപറഞ്ഞ ബില്ലുകളിൽ 3600 കി.ലോ ജ്യോതി വിത്തുകൾ 42 രൂപ നിരക്കിൽ 151200/-രൂപയ്ക്ക് കേരള സീഡ് അതോറിറ്റിയിൽ നിന്നും ബിൽ നം. 1195/2021/13.11.2020 പ്രകാരം വാങ്ങിയിരുന്നു.

ആയത് 6 പാടശേഖര സമിതിയ്ക്കായി നൽകുന്നതിനായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയെങ്കിലും 'ഐമുറി പാടശേഖര സമിതി' വിതരണ രജിസ്റ്ററിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. മൊത്തം ലഭിച്ച 120 ബാഗിൽ (3600 കിലോ)10 ബാഗിന്റെ കുറവ് വിതരണത്തിൽ വന്നിട്ടുണ്ട്. അതായത് (10x30കിലൊ)300 കിലോ (300x42=12600)യുടെ കുറവുണ്ട്. മേൽ പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/19.02.22) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ക്രമ നമ്പർ (1) പ്രകാരം ചെലവഴിച്ച 25000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നമ്പർ (2) പ്രകാരമുള്ള ചെലവ് തുക 12600/-രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം

| | വിഹിതം നൽകിയ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപനം | | | | | |
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 165000 | 140/21<br>പാലിന് സബ്സിഡി | 165000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 537500 | 279/21<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 537500 | 0 |
| 3 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 99000 | 15/21<br>പാലിന് സബ്സിഡി | 99000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 1200000 | 172/21<br>ലൈഫ്- ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 1200000 | 0 |
| 5 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 537500 | 17/21<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 537500 | 0 |
| 6 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 221000 | 11/21<br>നെൽകൃഷി കൂലിച്ചെലവിന് സബ്സിഡി | 221000 | |
| 7 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2017-18 | 338675 | എസ് സി ലൈഫ് മിഷൻ- ഭവനനിർമ്മാണം | 0 | 338675 |
| 8 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2013-14 | 209287 | 87/14,<br>എസ് സി ക്രിമറ്റോറിയം | 0 | 209287 |
| | ആകെ | | 3307962 | | 2760000 | 547962 |
| 9 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2020-21 | 200000 | 199/21<br>ചേരാനെല്ലൂർ പള്ളിക്കടവ് ലീഡിംഗ് ചാനൽ നിർമ്മാണം | 200000 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2020-21 | 650000 | 245/21<br>പടിക്കലപ്പാറ പിഷാരിക്കൽ റോഡ് മെയിന്റനൻസ് | 650000 | 0 |
| 11 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2020-21 | 200000 | 40/21<br>എസ് സി ലൈഫ് മിഷൻ- ഭവനനിർമ്മാണം | 200000 | 0 |
| 12 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2020-21 | 600000 | 250/21<br>ലൈഫ്- ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി വാങ്ങൽ- ജനറൽ | 600000 | 0 |
| 13 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2020-21 | 537500 | 17/21<br>ശാരീരിക | 537500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| 14 | ബ്ലോക്ക്പഞ്ചായത്ത് (കുവപ്പടി ബ്ലോക്ക്) | 2018-19 | 1131306 | 163/21 ലൈഫ് മിഷൻ-ഭവനനിർമ്മാണം | 1131306 | 0 |
| 15 | ബ്ലോക്ക്പഞ്ചായത്ത് (കുവപ്പടി ബ്ലോക്ക്) | 2017-18 | 875000 | 240/21 പഠനമുറി നിർമ്മാണം | 75000 | 800000 |
| 16 | മുൻവർഷങ്ങളിലെ പദ്ധതികൾ | | 238753 | | 0 | 238753 |
| | ആകെ | | 4432559 | | 3393806 | 1038753 |

1038753/- രൂപയിൽ 708675/-രൂപ സർക്കാർ ഡിഡക്ട് ചെയ്തിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | 239/21 പൊതുടാപ്പുകൾ വിച്ഛേദിക്കൽ | 119/ 20.08.2020 | 382000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| കേരള വാട്ടർ അതോറിട്ടി | സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി തുടർ പ്രവർത്തനം | 161/ 28.10.2020 | 77500/- | 77500/- | 0 |
| കെ എസ് ഇ ബി | 32/21 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 228/ 25.01.2020 | 49914/- | 49914/- | 0 |

.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്റ്റ് നം | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീ നറുടെ പേര് | ചെലവഴി ക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യുള്ള തുക |

ഇല്ല

.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 520000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ കെയുആർ ഡിഎഫ്സി | സ.ഉ.(ക) നം.68 / 2018/ ത.സ്വ.ഭ.വ. / 18.05.2018 | 520000 | 5220540 | 1259138 | 0 | 4481402 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 778748 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 62300 |
| ആകെ | 841048 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 841048 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 22766/- രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 3-3 | 5714 | ദിലീപ് കുമാർ, കരാറുകാരൻ | 120100100796/ 02.07.2020 |
| 2 | 2017-18 | 3-4 | 5147 | പി ഒ ജോസ്, കരാറുകാരൻ | 120100101557/ 07.07.2020 |
| 3 | 2017-18 | 3-3 | 1905 | മഹേഷ് ആർ, കരാറുകാരൻ | 120100101593/ 02.07.2020 |

| | | | | | |
|---|---|---|---|---|---|
| 4 | 2017-18 | 3-3 | 2143 | മഹേഷ് ആർ, കരാറുകാരൻ | 120100101594/ 02.07.2020 |
| 5 | 2017-18 | 3-3 | 2143 | മഹേഷ് ആർ, കരാറുകാരൻ | 120100101595/ 02.07.2020 |
| 6 | 2017-18 | 3-3 | 5714 | മഹേഷ് ആർ, കരാറുകാരൻ | 120100101598/ 02.07.2020 |
| | ആകെ | 22766 | | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് ഇനത്തിൽ അടവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,42,67,809.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,14,54,119.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,83,344 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | ---- | 1,000 | ശ്രീമതി ബീന.കെ.എസ്. , ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | ---- | 12,600 | ശ്രീമതി ജയ മരിയ ജോസഫ്, കൃഷി ഓഫീസർ |
| | ആകെ | 13,600/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക/ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17(1)/3-2 | 25,000 | ശ്രീമതി. ജയ മരിയ ജോസഫ് കൃഷി ഓഫീസർ. |
| 1-18 | 47,700 | ശ്രീമതി. ജയ മരിയ ജോസഫ് കൃഷി ഓഫീസർ. |
| 1-25 | 4,52,572 | ഡോ.വികൂർ ഫെർണാണ്ടസ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി,കുവപ്പടി |

| | | |
|---|---|---|
| 1-26(1) | 1,82,400 | ഡോ.വിക്ടർ ഫെർണാണ്ടസ്,<br>മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി,കുവപ്പടി |
| 1-26(2) | 4,75,672 | ഡോ.വിക്ടർ ഫെർണാണ്ടസ്,<br>മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി,കുവപ്പടി |
| ആകെ | 11,83,344/- | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക<br>മേൽവിലാസം | സ്ഥിരംമേൽ<br>വിലാസം |
|---|---|---|---|
| 1. | ഡോ വിക്ടർ ഫെർണാണ്ടസ്,<br>മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി,<br>കോടനാട് | അബാദ് ചാൻസലർ,<br>ഫ്ലാറ്റ് നം.3എ,<br>തൃക്കാക്കര<br>682021 |
| 2. | ശ്രീമതി ബീന.കെ.എസ്,<br>ഐ സി ഡി എസ്<br>സൂപ്പർവൈസർ | ഐ സി ഡി എസ്<br>സൂപ്പർവൈസർ,<br>കുവപ്പടി ഗ്രാമപഞ്ചായത്ത് | സൂര്യനാരായണീയം,<br>മാലി ഹൌസ്,<br>ചമ്മിനി മലയാറ്റൂർ<br>പി.ഒ,എറണാകുളം<br>ആലുവ |
| 3. | ശ്രീമതി. ജയ മരിയ<br>ജോസഫ്<br>കൃഷി ഓഫീസർ. | കൃഷി ഓഫീസർ,<br>കൃഷിഭവൻ,<br>കുവപ്പടി<br>(അവധിയിൽ) | മുടേരിപ്പടി<br>തെക്കാനത്ത്,<br>കുവപ്പടി പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ.-ഇകെഎം(പി2)696(i)/18 തീ. 11.07.19 |
| 1996-97 | എൽ എഫ് ഇ (പി2)98/2000 തീ. 09.02.01 |
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 |
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 |
| 1999-00 | എൽ എഫ്ഇ(പി2)1338/05 തീ. 01.12.2006 |
| 2000-01 | കെ.എസ്.എ.-ഇകെഎം(പി2)696/ii/2018 തീ. 11.07.19 |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.11.07.2008 |

| | |
|---|---|
| 2003-04 | കെ.എസ്.എ.-ഇകെഎം(പി2)696(iii)/18 തീ.11.07.19 |
| 2004-05 | കെ.എസ്.എ.-ഇകെഎം(പി2)696(iv)/18 തീ.11.07.19 |
| 2005-06 | എൽ എഫ് ഇ (പി2)2247/11,തീ. 04.05.12<br>തീ. 14-10-11 |
| 2007-08 | എൽ എഫ് ഇ (പി2)2247/11 തീ. 04.05.2012 |
| 2008-09, 2009-10,<br>2010-11 | കെ.എസ്.എ.-ഇകെഎം(പി2)696(vi)/18 തീ.11.07.19 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)393/2015<br>തീ. 03.07.15 |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)769/16 തീയതി 26.08.16 |
| 2015-16 | കെ.എസ്.എ ഇ.കെ.എം (പി2)1127/2017 തീയതി 14.08.18 |
| 2016-17 | കെ.എസ്.എ ഇ.കെ.എം (പി2)2265/18 തീയതി 18.05.19 |
| 2017-18 | കെ.എസ്.എ ഇ.കെ.എം (പി2)149/19 തീയതി 15.07.19 |
| 2018-19 | കെ.എസ്.എ ഇ.കെ.എം (പി2)126/20 തീയതി 03.02.2020 |
| 2019-20 | കെ.എസ്.എ ഇ.കെ.എം (പി2)725/21 തീയതി 30.06.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്